# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1324 21.03.2013 - ൽ മറുപടിക്ക്**

## പാപ്പിനിശ്ശേരി - പിലാത്തറ റോഡ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റ്റി. വി. രാജേഷ് | : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കെ. എസ് . ടി . പി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി-പിലാത്തറ റോഡിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ ; ഏത് കമ്പനിയാണ് പ്രസ്തുത റോഡിന്റെ നിർമ്മാണച്ചുമതല ഏറ്റെടുത്തിരിക്കുന്നത്; എത്ര കോടി രൂപയ്ക്കാണ് ടെണ്ടർ എടുത്തിട്ടുള്ളത് എന്ന് അറിയിക്കുമോ ; | | (എ) കെ. എസ് . ടി . പി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ പിലാത്തറ - പാപ്പിനിശ്ശേരി റോഡിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. M/s. ആർ. ഡി. എസ് പ്രൊജക്ട് ലിമിറ്റഡ് എന്ന കമ്പനിയാണ് പ്രസ്തുത റോഡിന്റെ നിർമ്മാണച്ചുമതല ഏറ്റെടുത്തിരിക്കുന്നത്. 118,29,77,833/- രൂപയ്ക്കാണ് നിർമ്മാണച്ചുമതല ഏറ്റെടുത്തിരിക്കുന്നത്. |
| (ബി) പ്രസ്തുത റോഡ് നിർമ്മാണത്തിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ? | | (ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം മോർത്തിന്റെയും ഐ. ആർ. സി-യുടെയും മാനദണ്ഡങ്ങൾ പ്രകാരമാണ് നടത്തുന്നത്. രണ്ടു വരി ഗതാഗതത്തിന് അനുയോജ്യമായ രീതിയിൽ റോഡിന് വീതി കൂട്ടി പുതുക്കി പണിത്, ആവശ്യാനുസരണം ഡ്രെയിൻ, ബസ് ബേ, ആർ. ഒ. ബി, സംരക്ഷണ ഭിത്തി എന്നിവ നിർമ്മിച്ച് ജംഗ്ഷൻ വികസനം നടത്തി, റോഡ് മാർക്കിങ്ങ്, ദിശ ബോർഡുകൾ എന്നിവ സ്ഥാപിച്ച് അന്താരാഷ്ട്ര നിലവാരത്തിൽ റോഡ് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ